(ബി) ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ബിജുരമേശും തമ്മിലുള്ള ഫോൺ സംഭാഷണത്തിന് പുറമേ ഗവൺമെന്റ് ചീഫ് വിപ്പ് പി. സി. ജോർജ്ജും ബിജുരമേശും തമ്മിലുള്ള ഫോൺ സംഭാഷണവും പുറത്തു വന്നിട്ടുള്ളതായി അറിയാമോ;

(സി) ബാർ കോഴക്കേസ് അന്വേഷിക്കുന്ന വിജിലൻസ് അന്വേഷണസംഘം, ഫോൺ സംഭാഷണങ്ങളിലൂടെ പുറത്തുവന്ന വിവരങ്ങൾ എല്ലാം ശേഖരിക്കുകയും അതിന്റെ കൂടി അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ബാർ കോഴ വിവാദവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്ന കേസ്സിന്റെ പരിധിയിലുള്ളത്. ആയതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിജിലൻസ് അന്വേഷിക്കുന്നുണ്ട്.

(സി) ബാർ കോഴ കേസിനെ സംബന്ധിച്ചുള്ള പ്രസക്തമായ കാര്യങ്ങളെല്ലാം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിച്ചുവരുന്നു.

ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് അന്വേഷണം

233 (239) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ കേസ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 06/1999 മുതൽ 06/2001 വരെ കയർഫെഡ് എം.ഡി. ആയിരുന്ന ശ്രീ. വി. എ. അരുൺകുമാർ മറ്റ് പ്രതികളുമായി ഗൂഢാലോചന നടത്തിയെന്നും ശരിയായ നിരീക്ഷണമില്ലാതെ ബില്ലുകൾ പാസ്സാക്കുക വഴി 47,50,133 രൂപ കയർഫെഡിന് നഷ്ടമുണ്ടാക്കിയെന്നതുമാണ് ക്രമക്കേടുകൾ.

(സി) 18-12-2014-ൽ തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിയുടെ കോടതിയിൽ പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചു.

(ഡി) കേസ് അന്വേഷണഘട്ടത്തിലാണ്.

ആർ.ടി.ഒ. ഓഫീസുകൾ -വിജിലൻസ് റെയ്ഡുകൾ

234 (240) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ആർ.ടി.ഒ. ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) വിജിലൻസ് റെയ്ഡുകളിൽ ഏതെല്ലാം ഓഫീസുകളിലാണ് ക്രമക്കേടുകളും അഴിമതിയും കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട് ;

(ഡി) ആർ.ടി.ഒ. ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14 ജില്ലകളിലുംകൂടി 99 ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഇതിൽ 84 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) മിന്നൽപ്പരിശോധനയുമായി ബന്ധപ്പെട്ട് 5 ഉദ്യോഗസ്ഥരുടെ പേരിൽ കേസും 10 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണവും 327 ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടിയും സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ ഓഫീസിൽ എത്തുന്നവരുടെ പരാതികൾ അറിയിക്കാൻ വിജിലൻസിന്റെ ടോൾഫ്രീ നമ്പർ സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായി ഓൺലൈൻ ആക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly